# പതിമൂന്നാം കേരളനിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നം.816 12.12.2012 ൽ മറുപടിക്ക്

### എൻഡോസൾഫാൻ ദുരിതബാധിതരുടെ ലിസ്റ്റിൽ നിന്ന് ഒഴിവാക്കിയ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ: (ഉദുമ) | | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | എൻഡോസൾഫാൻ ദുരിത ബാധിതരുടെ ലിസ്റ്റിൽ നിന്ന് ഒഴിവാക്കിയതിൽ മനംനൊന്ത് കാസർഗോഡ് ബെള്ളൂർ സ്വദേശി ജാനനായ്ക്ക് 2012 ആഗസ്റ്റ് 21 ന് വിഷം കഴിച്ച് മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) | എൻഡോസൾഫാൻ ദുരിത ബാധിതനായ ജാനനായ്ക്ക് വിഷം കഴിച്ച് മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ ഉള്ളൂർ ഗ്രാമപഞ്ചായത്തിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട ശ്രീ.ജാന നായ്ക്ക് വിഷം കഴിച്ച് ആത്മഹത്യ ചെയ്യുകയായിരുന്നു. ടിയാൾക്ക് 72 വയസ്സ് ആയിരുന്നു. വായിൽ കാൻസർ ബാധിച്ച് ചികിത്സയിൽ ആയിരുന്ന ശ്രീ.ജാന നായ്ക്കിന് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന 2000 രൂപ പ്രതിമാസം പെൻഷനായി ലഭിച്ചിരുന്നു. കൂടാതെ സൗജന്യ ചികിത്സയും സൗജന്യ റേഷനും ലഭിച്ച് വന്നിരുന്നു. ദുരിതബാധിതരുടെ പട്ടികയിൽ നിന്നും ശ്രീ.ജാന നായ്ക്കിനെ ഒഴിവാക്കിയിട്ടില്ല. |
| (ബി) | ഇത്തരം സംഭവം ആവർത്തിക്കാതിരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | | |
| (സി) | ജാന നായ്ക്കിന്റെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | ഇല്ല |

സെക്ഷൻ ഓഫീസർ